സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം

64(271) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും കേന്ദ്രപൂളിൽ നിന്നും എത്ര വൈദ്യുതി പ്രതിദിനം ലഭിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കാറ്റ്, കശുവണ്ടിത്തോട് തുടങ്ങിയവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് 1-11-2000 മുതൽ പിൻവലിച്ചിട്ടുണ്ട്.

(ബി) നവംബർ 2000-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രതിദിനം ശരാശരി 25.78 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതേ മാസം കേന്ദ്രപൂളിൽ നിന്നും പ്രതിദിനം ശരാശരി 9.47 മില്യൻ യൂണിറ്റ് വൈദ്യുതി ലഭിച്ചു.

(സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആകെ 2.025 മെഗാവാട്ട് ശേഷിയുള്ള യന്ത്രങ്ങളാണ് കഞ്ചിക്കോട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്.

(ഡി) ഇടുക്കി ജില്ലയിൽ കരുവിക്കാനമെന്ന സ്ഥലത്ത് 2 മെഗാവാട്ട് (500 കിലോവാട്ടിന്റെ 4 യൂണിറ്റുകൾ) സ്ഥാപിതശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ അനെർട്ടിന്റെ സഹകരണത്തോടു കൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന 25 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ടു സ്റ്റേഷനുകൾ ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സ്വകാര്യമേഖലയിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം നിലവിലുണ്ട്. കശുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന 1 മെഗാവാട്ട് ശേഷിയുള്ള ഒരു സ്റ്റേഷൻ സ്ഥാപിക്കാൻ 'പ്യൂമാ പവർ കോർപ്പറേഷൻ' എന്ന സ്ഥാപനവുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly